അതുകൊണ്ട് എല്ലാ ജില്ലകളിലെയും അർഹതപ്പെട്ട ആളുകൾക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻചാണ്ടി)* : സർ, 1-10-1994-ൽ ഒരു സർക്കാർ ഉത്തരവ് പ്രകാരം ഖാദി-ഗ്രാമ രംഗത്ത് പ്രവർത്തിച്ചവർക്ക് പെൻഷൻ കൊടുക്കാൻ തീരുമാനിക്കുകയുണ്ടായി. പക്ഷേ അപേക്ഷ ക്ഷണിച്ച് കുറച്ച് പേർക്ക് മാത്രമേ പെൻഷൻ നൽകുന്നതിനുള്ള സാംങ്ഷൻ കൊടുക്കാൻ കഴിഞ്ഞുള്ളു. ബാക്കിയുള്ളവരുടെ ലിസ്റ്റ് പരിഗണിച്ചുകൊണ്ടിരിക്കേ 31-8-1996-ൽ അന്നത്തെ മാറിവന്ന ഗവൺമെന്റ് ഈ പെൻഷൻ പദ്ധതി കാൻസൽ ചെയ്തതിനെത്തുടർന്ന് പെൻഷൻ കിട്ടിക്കൊണ്ടിരുന്നവർക്ക് അത് കിട്ടാതെയായി. പിന്നീട് കൊടുത്ത അപേക്ഷകൾ പരിഗണിക്കാതെ മാറ്റി വയ്ക്കുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ പെൻഷൻ പുനഃസ്ഥാപിക്കാൻ തീരുമാനിച്ചു. മുന്ന് പെൻഷൻ കിട്ടിത്തുടങ്ങിയവർക്ക് തുടർന്നും കൊടുക്കാനും അതോടൊപ്പം അന്ന് മാറ്റിവച്ച അപേക്ഷകൾ പരിഗണിച്ച് അർഹരായിട്ടുള്ളവർക്കെല്ലാം കൊടുക്കാനും ക്യാബിനറ്റ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പുതിയ അപേക്ഷകൾ ക്ഷണിക്കുന്നതല്ല. ഏതാനും മാസങ്ങൾക്കുമുമ്പ് എടുത്ത തീരുമാനമാണ്. അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിൽ കുറച്ച് കാലതാമസം വന്നിട്ടുണ്ട്. ഇനിയും കാലതാമസം വരാതെ നോക്കുന്നതാണ്. ഇവർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതോടൊപ്പം ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. ഏതായാലും ഇവർക്ക് പെൻഷൻ കിട്ടുന്നതിനുള്ള കാലതാമസം പൂർണ്ണമായിട്ടും ഒഴിവാക്കും.

(5) കരവാരം പഞ്ചായത്തിലെ കേശവൻനായരുടെ ദുരൂഹ മരണം

ശ്രീ. എൻ. രാജൻ : കരവാരം ഗ്രാമ പഞ്ചായത്തിലെ ആലംകോട് മണ്ണൂർ ഭാഗം പള്ളിമുക്കിൽ സിന്ധുഭവനിൽ സി.പി.ഐ. ലോക്കൽ കമ്മിറ്റി സെക്രട്ടറിയായിരുന്ന കേശവൻ നായരെ കഴിഞ്ഞമാസം 24-ാം തീയതി വൈകിട്ട് ഒരു സംഘം ആർ.എസ്.എസ്. പ്രവർത്തകർ പതുങ്ങിയിരുന്ന് തലയ്ക്ക് വെട്ടുകയും തുടർന്ന് 25-ാം തീയതി ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുകയും 29-ാം തീയതി പ്രതിയെ പോലീസ് കസ്റ്റഡിയിൽ എടുക്കുകയും അന്നുതന്നെ ആർ.എസ്.എസ്.-കാർ ഒരു വലിയ സംഘം ചേർന്ന് പോലീസ് സ്റ്റേഷൻ വളയുകയും ആ പ്രതിയെ ഇറക്കിക്കൊണ്ടുപോകുകയും ചെയ്തു. അന്നുമുതൽ ഈ കേസിലെ പ്രതികൾ നേരിട്ടും പരസ്യമായും അല്ലാതെയും ഒക്കെ ഈ കേശവൻ നായരെ വകവരുത്തിക്കളയും എന്ന് പല പ്രാവശ്യം ഭീഷണിപ്പെടുത്തുകയുണ്ടായി. എന്നാൽ ഈ മാസം 2-ാം തീയതി രാവിലെ കേശവൻനായർ ദുരൂഹമായ സാഹചര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ കുടുംബവീടിനു സമീപം സംശയമുള്ള തരത്തിൽ മരിച്ചു കിടക്കുന്നതായാണ് കണ്ടത്. അദ്ദേഹത്തിന്റെ മൃതശരീരത്തിൽ നിന്ന് ഒരു കുറിപ്പും പോലീസുകാർ എടുക്കുകയുണ്ടായി. ആ പ്രദേശത്തെ സംശയിക്കപ്പെടുന്ന പല ആൾക്കാരുടേയും പേരുകൾ ഉൾക്കൊള്ളിച്ച ഒരു കത്തായിരുന്നു അത്. നാട്ടുകാരിലൊക്കെ വളരെ ഭീതിയും ഭയവും നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഈ സംഭവം ഉണ്ടായതു തന്നെ. ഇതുസംബന്ധിച്ച് വളരെ വിശദമായ ഒരു അന്വേഷണം നടത്തണം. നാട്ടുകാരൊക്കെ ആകെ ഭയന്നുനിൽക്കുന്ന ഒരു സാഹചര്യത്തിൽ പ്രതികളെ കസ്റ്റഡിയിലെടുത്ത് വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): പഞ്ചായത്ത് റോഡിലെ ടാറിംഗ് സംബന്ധിച്ച തർക്കത്തെത്തുടർന്ന് ആർ.എസ്.എസ് പ്രവർത്തകരായ രതീഷും കൂട്ടരും കേശവൻ നായരുമായി വഴക്കുണ്ടാക്കുകയും, തന്നെ തലയ്ക്കടിച്ചു പരിക്കേൽപ്പിച്ചതായി കേശവൻ നായർ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ പോലീസ് കേസെടുത്ത് രതീഷിനെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. കഴിഞ്ഞമാസം 24-ാം തീയതിയാണ് സംഭവം നടന്നത്. അതിനുശേഷം 3-7-2005-ന് രാവിലെ കേശവൻ നായർ കുടുംബവീടിന്റെ അടുത്തുള്ള പുരയിടത്തിൽ മരിച്ചുകിടക്കുന്നതായിട്ട് കണ്ടു. ഇതുസംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിവരികയാണ്. അദ്ദേഹത്തിന്റെ ശരീരത്തിൽ മുറിവോ ചതവോ ഒന്നും കണ്ടെത്താൻ പോലീസിനു കഴിഞ്ഞിട്ടില്ല എന്നാലും ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ജനങ്ങളുടെ ഇടയിൽ പല സംശയങ്ങളുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇതിന്മേൽ അന്വേഷണം നടത്തിവരികയാണ്. ഏതെങ്കിലും വിധത്തിൽ പ്രതിയെ കണ്ടുപിടിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(6) കടയ്ക്കൽ പോലീസ് സ്റ്റേഷൻ വിഭജിച്ച് വിളവുപച്ചയിൽ ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ചടയമംഗലം നിയോജക മണ്ഡലത്തിലെ കടയ്ക്കൽ പോലീസ് സ്റ്റേഷൻ വിസ്തൃതിയുടെ കാര്യത്തിലും രാഷ്ട്രീയ സംഘട്ടനം അടക്കമുള്ള ക്രൈം കേസുകളുടെ കാര്യത്തിലും മുന്നിൽ നിൽക്കുന്ന പോലീസ് സ്റ്റേഷനാണ്. കടയ്ക്കൽ പോലീസ് സ്റ്റേഷൻ വിഭജിച്ച് ചിതറ പഞ്ചായത്തിൽ വിളവുപച്ചയിൽ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് ഏറെക്കാലമായി ജനങ്ങൾ ആവശ്യപ്പെടുന്നു. ചിതറ ഗ്രാമ പഞ്ചായത്ത് താൽക്കാലികമായി പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനും സ്ഥിരമായി പോലീസ് സ്റ്റേഷൻ കെട്ടിടമുണ്ടാക്കുന്നതിനുമുള്ള

LIBRARY ARCHIVES Kerala Legislative Assembly